"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല - വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി)വകുപ്പ്**

G.O.(Rt)No.81/2022/LSGD തീയതി,തിരുവനന്തപുരം, 11/01/2022

---

പരാമർശം:-

1. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.2.2015 ലെ 50/2015, നമ്പർ തീരുമാനം.
2. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.2.2015 ലെ 73/2015 നമ്പർ തീരുമാനം
3. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.3.15 ലെ ജെ 1457/14 നമ്പർ കത്ത്.
4. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.7.15 ലെ ജി2/4078/15 നമ്പർ കത്ത്.
5. 21.11.2015 ലെ സ.ഉ(സാധാ) നം . 3458/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
6. ഒ.പി (ആർ.സി) 1820/2015 നമ്പർ കേസിലെ ബഹു: ഓംബുഡ്സ്മാന്റെ 29.09.2021 ലെ ഉത്തരവ്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ആറാട്ട് പുഴ വില്ലേജിലെ സർവ്വെ 479/3- ൽ ഉൾപ്പെട്ട സ്ഥലത്ത് വാട്ടർ പ്ലാന്റ് നിർമ്മാണത്തിനായി ശ്രീമതി. ബിന്ദു ജയരാജൻ എന്നവർക്ക് നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിരുന്നു. എന്നാൽ ടി നിർമ്മാണ യൂണിറ്റിനെതിരായി പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ തീരുമാനം പ്രകാരം ടി പെർമിറ്റ് റദ്ദ് ചെയ്യുവാൻ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും, തുടർന്ന് 28.2.2015 ൽ ടി വിഷയം ഭരണസമിതി വീണ്ടും പരിഗണിച്ചുവെങ്കിലും, പരാമർശം (1) ലെ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായി പരാമർശം(2) പ്രകാരം ഭരണസമിതി തീരുമാനിക്കുകയുണ്ടായി. തുടർന്ന് ടി തീരുമാനം നടപ്പാക്കുന്നതിൻമേൽ നിർദ്ദേശം നൽകുന്നതിനായി വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചു. ടി വാട്ടർ പ്ലാന്റ് നിർമ്മാണത്തിനായി കെട്ടിടവും, കിണറും ഉൾപ്പടെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായതായും, ജല വിഭവ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ ടി നിർമ്മാണ യൂണിറ്റിന് എൻ ഒ സി നൽകിയിട്ടുള്ളതായും ചട്ട

പ്രകാരം പെർമിറ്റ് അനുവദിച്ച സാഹചര്യത്തിൽ പെർമിറ്റ് റദ്ദ് ചെയ്യേണ്ട ആവശ്യം നിലവിൽ ഇല്ലായെന്നും, പരാമർശം (4) പ്രകാരം തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 191(4) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1),(2) പ്രകാരമുള്ള തീരുമാനം സ്റ്റേ ചെയ്യും, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഈ വിഷയത്തിൽ പരാമർശം (6) പ്രകാരം ബഹു:ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വാട്ടർ പ്ലാന്റ് നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ അനുമതി നൽകുകയും അതനുസരിച്ച് കെട്ടിടം നിർമ്മാണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നിർമ്മാണ അനുമതി റദ്ദ് ചെയ്യുന്നതിന് തീരുമാനം എടുക്കുവാൻ പഞ്ചായത്ത് രാജ് നിയമപ്രകാരം ഭരണസമിതിയ്ക്ക് അധികാരം ഉള്ളതായി കാണുന്നില്ലെന്നും, ആ സാഹചര്യത്തിൽ ശ്രീമതി. ബിന്ദു ജയരാജന് വാട്ടർപ്ലാന്റിനുള്ള കെട്ടിട നിർമ്മാണാനുമതി നിഷേധിക്കുവാനുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഭരണസമിതിയുടെ അധികാര പരിധിയിൽ വരുന്നതല്ലാത്തതും, അപ്രകാരം പരാമർശം(5) പ്രകാരമുള്ള സർക്കാർ തീരുമാനം ഉചിതമാണെന്നും, ബഹു.ഓംബുഡ്സ്മാൻ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയും, നിലവിൽ ടി കെട്ടിടത്തിന് നികുതി ചുമത്തി ഉത്തരവാകുകയും ചെയ്തിട്ടുള്ളതും, കൂടാതെ ടി നിർമ്മാണം കഴിഞ്ഞ നിലയ്ക്കും അനുമതി നിഷേധിക്കുന്നത് യുക്തവുമല്ല എന്നും, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇപ്പോൾ അപ്രസക്തമാണെന്നും, അപ്രകാരം ടി ഭരണസമിതി തീരുമാനം നിയമപ്രകാരം നിലനിൽക്കാത്തതായതിനാൽ ആയത് റദ്ദ് ചെയ്യാവുന്നതാണെന്നും പഞ്ചായത്ത് രാജ് നിയമം 191 1-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ബഹു. ഓംബുഡ്സ്മാൻ പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

3) പരാമർശം (6) പ്രകാരമുള്ള ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 09.02.2015 , 28.02.2015 എന്നീ തീയതികളിലെ 50/2015, 73/2015 നമ്പർ തീരുമാനം കേരളാ പഞ്ചായത്ത് രാജ് നിയമം 191 (1)-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസിമോൾ ഇ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ,
സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ
സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ